# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2805** **06.11.2019 ലെ മറുപടി**

### മോദിക്കയം റെഗുലേറ്റർ -കം ബ്രിഡ്ജ് നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ടി.എ.അഹമ്മദ് കബീർ:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മങ്കട നിയോജകമണ്ഡലത്തിലെ മോദിക്കയം റെഗുലേറ്റർ -കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;<br><br>(ബി) ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചതിനുശേഷം സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;<br><br>(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി സാങ്കേതികാനുമതി, ടെൻഡർ എന്നീ നടപടികൾ സ്വീകരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ഡി) പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ)യും (ബി)യും (സി)യും (ഡി)യും<br><br>മങ്കട നിയോജകമണ്ഡലത്തിലെ മോദിക്കയം റെഗുലേറ്റർ -കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 70 കോടിയുടെ DPR , KIIFB യിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ജലസേചന വകുപ്പിന്റെ SPV ആയ KIIDC ലേക്ക് സമർപ്പിച്ചിരുന്നു. ടി പ്രവൃത്തിക്ക് KIIFB യിൽ നിന്നും അംഗീകാരം ലഭിക്കുകയും അതുപ്രകാരം വിശദമായ എസ്റ്റിമേറ്റ് കെ.ഐ.ഐ.ഡി.സിയുടെ വിവിധ തലങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. തുടർന്ന് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി എസ്റ്റിമേറ്റ് സമർപ്പിച്ച ശേഷം പദ്ധതിക്ക് ആവശ്യമായ അപ്രോച്ച് റോഡിന്റെ സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**